Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 11.6.2017
*Ref: 573/KCBC/K-6/KPR/DS*

# കേരളത്തെ മദ്യത്തിൽ മുക്കുന്ന എൽഡിഎഫ് മദ്യനയം പിൻവലിക്കണം

കേരളത്തെ മദ്യത്തിൽ മുക്കുന്ന എൽഡിഎഫ് സർക്കാരിന്റെ മദ്യനയം പിൻവലിക്കണം. മദ്യനയത്തെ എതിർക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും അധിക്ഷേപിച്ച് പിൻമാറ്റാനുള്ള ശ്രമം പ്രതിഷേധാർഹമാണ്. മദ്യത്തെപ്പറ്റിയുള്ള ചർച്ചകളിലേക്ക് വിശുദ്ധ കുർബാനയെയും വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിനെയും വലിച്ചിഴക്കുന്നത് ഒരു സമൂഹത്തിന്റെ മുഴുവൻ വിശ്വാസാചാരങ്ങളെ ചോദ്യംചെയ്ത് അവരെ നിശ്ശബ്ദരാക്കാനാണ്. ഇത് ഉത്തരവാദിത്തപ്പെട്ടവരുടെ പിന്തുണയോടുകൂടി മദ്യലോബി നടത്തുന്ന ബോധപൂർവകമായ പ്രചാരണനടപടിയാണ്. ഇത്തരം നടപടികൾകൊണ്ട് മദ്യവിപത്തിനെതിരേയുള്ള പോരാട്ടങ്ങളിൽനിന്ന് സഭയെയോ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളെയോ പിന്തിരിപ്പിക്കാം എന്നു കരുതേണ്ടതില്ല.

മദ്യത്തിന്റെ വിപത്ത് ഏറ്റവും കൂടുതൽ അനുഭവിക്കുന്ന സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട്, കെസിബിസി മദ്യവിരുദ്ധ മുന്നണി, മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളോടു ചേർന്ന് ശക്തമായ സമരത്തിന് നേതൃത്വം നല്കും.

മുപ്പത്തിയൊന്നു രൂപതകളിലെയും യുവജന സംഘടനകളുടെയും കെസിഎസ്എൽ ഉൾപ്പെടെയുള്ള കുട്ടികളുടെ സംഘടനകളുടെയും കെസിബിസി വനിതാ കമ്മീഷൻ, കെസിബിസി ഫാമിലി കമ്മീഷൻ, കേരള കാത്തലിക് ഫെഡറേഷൻ, കത്തോലിക്കാ കോൺഗ്രസ്, മലങ്കര കാത്തലിക് അസോസിയേഷൻ, കെഎൽസിഎ തുടങ്ങിയ അല്മായ സംഘടനകളുടെയും, കേരള മദ്യവിരുദ്ധ ഏകോപന സമിതിയുടെയും മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ മദ്യത്തിനെതിരേയുള്ള ചെറുത്തുനില്പ് പ്രാദേശികതലങ്ങളിലേക്ക് വ്യാപിപ്പിക്കും.

പുതിയ മദ്യഷാപ്പുകളും ബാർഹോട്ടലുകളും തുറക്കാനുള്ള ശ്രമങ്ങളെ പ്രാദേശികമായ ചെറുത്തുനില്പുകളിലൂടെ തോല്പിക്കാൻ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും തേടും. സമാന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് ഈ വിപത്തിനെതിരേയുള്ള ചെറുത്തുനില്പു ശക്തമാക്കാൻ എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു.

- സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയം പൂർണമായി പിൻവലിക്കുകയോ, പുനപരിശോധിച്ച് കാര്യമായ തിരുത്തൽ വരുത്തുകയോ ചെയ്യുന്നതുവരെ പ്രതിഷേധ പരിപാടികളുമായി മുന്നോട്ടുപോകും.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയം നിർണയാവകാശം ഓർഡിനൻസിലൂടെ തിരുത്തിയ സർക്കാർ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. മദ്യത്തിനെതിരേയുള്ള പ്രാദേശികമായ ചെറുത്തുനില്പുകളെ അടിച്ചമർത്താനുള്ള സർക്കാരിന്റെ ഇത്തരം നീക്കങ്ങൾ ശ്രമം കൂടുതൽ ഭവിഷ്യത്തുകൾ ക്ഷണിച്ചുവരുത്തും. ജനങ്ങളെ നിസ്സഹായരാക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ട് സർക്കാർ നടപ്പാക്കിയ ഓർഡിനൻസ് പിൻവലിക്കണം.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

– സുപ്രീംകോടതി നിർദേശപ്രകാരം അടച്ചുപൂട്ടിയ ദേശീയ സംസ്ഥാന പാതകൾക്കു 500 മീറ്ററിനുള്ളിൽ പ്രവർത്തിക്കുന്ന ബാർ ഹോട്ടലുകൾ തുറന്നുപ്രവർത്തപ്പിക്കാനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്തിരിയണം. സമാന്തര മദ്യഷാപ്പുകൾ തുറന്ന് വിധിയെ മറികടക്കാനുള്ള ശ്രമം പ്രതിഷേധാർഹമാണ്. ജനങ്ങളുടെ ചെറുത്തുനില്പിനെ അവഗണിച്ച് മുന്നോട്ടുപോകാനുള്ള സർക്കാരിന്റെ ശ്രമം കൂടുതൽ ഭവിഷ്യത്തുകൾ ക്ഷണിച്ചുവരുത്തും.

– പാതയോരത്തു പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷന്റെ മദ്യഷാപ്പുകൾ ജനവാസകേന്ദ്രങ്ങളിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള ശ്രമത്തെ ജനകീയപ്രക്ഷോഭത്തിലൂടെ എതിർത്തു തോല്പിക്കും. ജനങ്ങളുടെമേൽ മദ്യഷാപ്പുകൾ അടിച്ചേല്പിക്കാനുള്ള ഏതുശ്രമത്തെയും നിയമപരമായ എല്ലാമാർഗങ്ങളും ഉപയോഗിച്ച് ചെറുക്കും.

– പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കള്ളു വില്ക്കാനുള്ള സർക്കാർനീക്കം മദ്യദുരന്തത്തിലേക്ക് വാതിൽ തുറക്കുന്നതാണ്. ചെത്തുന്ന തെങ്ങുകളുടെ എണ്ണവും സംസ്ഥാനത്തുല്പാദിപ്പിക്കുന്ന കള്ളിന്റെ അളവും നിലവിലുള്ള ഷാപ്പുകൾക്കുപോലും പര്യാപ്തമല്ലെന്നിരിക്കേ, കൃത്രിമ കള്ളിലേക്കും അതുവഴിയുള്ള മദ്യദുരന്തങ്ങളിലേക്കും തെങ്ങ്, പന തുടങ്ങിയ പരമ്പരാഗത ചെത്തുതൊഴിൽമേഖലയുടെ സമ്പൂർണനാശത്തിലേക്കും ഇത് വഴിവയ്ക്കുന്നതാണ്. ഈ തീരുമാനത്തിൽനിന്നും സർക്കാർ പിന്തിരിയണം.

– വിമാനത്താവളങ്ങളിലെ ഡൊമസ്റ്റിക് ടെർമിനലുകളിലും മദ്യം വില്ക്കാനുള്ള തീരുമാനം നാളിതുവരെ നിലവിലുണ്ടായിരുന്ന എല്ലാ നിയന്ത്രണങ്ങളും കാറ്റിൽപറത്തിക്കൊണ്ടുള്ളതാണ്. കേരളസമൂഹത്തെ അടിമുടി മദ്യവത്കരിക്കാനുള്ള സർക്കാർ നീക്കം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇത്തരം നീക്കങ്ങളിൽനിന്നും സർക്കാർ അടിയന്തിരമായി പിന്തിരിയണം.

കെസിബിസി മദ്യവിരുദ്ധ സമിതിയുടെയും കേരളത്തിലെ മറ്റു മദ്യവിരുദ്ധ പ്രസ്ഥാനങ്ങളിലെയും സഭയിലെ വിവിധ സംഘടനാ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം 2017 ജൂൺ 15–ാം തീയതി 1.30–ന് പിഒസിയിൽ ചേർന്ന് പ്രതിഷേധ പരിപാടികൾക്കു രൂപംനല്കും.

**ആർച്ചുബിഷപ്പ് സൂസപാക്യം**

പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്**

ചെയർമാൻ, കെസിബിസി ജാഗ്രത കമ്മീഷൻ

**ബിഷപ്പ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

ചെയർമാൻ, കെസിബിസി മീഡിയ കമ്മീഷൻ